II ഇ.ബി. XIII കേരള നിയമസഭ/II-13

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**50 (*361) ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാൻ നടപടി**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, 168 കി.മീ. ദൈർഘ്യമുള്ള കൊല്ലം-കോട്ടപ്പുറം ജലപാത ദേശീയ ജലപാതയായി അംഗീകരിക്കുകയും മാനദണ്ഡങ്ങൾക്കനുസരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരികയുമാണെന്ന് സഭയെ അറിയിച്ചു. കോട്ടപ്പുറം മുതൽ നീലേശ്വരം/വടകര വരെയും കോവളം മുതൽ കൊല്ലം വരെയും ദേശീയ ജലപാതയായി അംഗീകരിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനായി നാറ്റ്പാക്-നെ ചുമതലപ്പെടുത്തുകയും 30 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് ഡീമാർക്കേഷൻ നടപടികൾ പൂർത്തിയാക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ ഭാഗമായുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയജലപാത കടന്നുപോകുന്ന ഭാഗങ്ങളിലെ 1370 ഫിഷിംഗ് നെറ്റുകൾ മാറ്റേണ്ടതുണ്ടെന്നും ലൈസൻസുള്ള ഫിഷിംഗ് നെറ്റുകൾക്ക് 1 ലക്ഷം

രൂപയും ലൈസൻസില്ലാത്തവയ്ക്ക് 50,000 രൂപയും വീതം കോമ്പൻസേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ദേശീയ ജലപാതയ്ക്ക് തടസ്സമാകാത്ത സ്ഥലങ്ങളിൽ ഫിഷിംഗ് നെറ്റ് സ്ഥാപിക്കുന്നതിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് ഫീഷറീസ് വകുപ്പുമായി ആലോചിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ജലപാതകൾക്കായി 100 കോടി രൂപ അനുവദിച്ചതുപ്രകാരം എ.എസ്. നൽകിയ പ്രവൃത്തികളിൽ പൂർത്തിയാക്കാൻ കഴിയാത്ത പണികൾ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ദേശീയ ജലപാതയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വർക്കലയിൽ 350 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നുണ്ടെന്നും വർക്കല തുരങ്കത്തിന്റെ വീതി കൂട്ടാൻ ഒരു ആൾട്ടർനേറ്റ് ലൈൻകൂടി എടുക്കേണ്ടിവരുമെന്നും മന്ത്രി അറിയിച്ചു. ആലപ്പുഴ മുതൽ കോട്ടപ്പുറം വരെയുള്ള 2.4 കിലോമീറ്റർ ഒഴികെയുള്ള ഭാഗത്തെ പണികൾ പൂർത്തിയായിട്ടുണ്ടെന്നും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ ഉൾപ്പെടുത്തി പാർവ്വതിപുത്തനാറിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കാര്യവും കനോലി കനാലിന്റെ പണികൾ പുനരാരംഭിക്കുന്ന കാര്യവും ആലോചിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**51 (*362) <u>കയർ കമ്മീഷൻ റിപ്പോർട്ട്</u>**

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, കയർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ സംഗ്രഹം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തൊണ്ട് സംഭരണ കമ്മിറ്റികൾ/സംഘങ്ങൾ/കൺസോർഷ്യം രൂപീകരിച്ച് ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ്/സബ്സിഡി നൽകുക,

പുതുതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുകയും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കി 50% വൈദ്യുതി സബ്സിഡി, സാമ്പത്തിക സഹായം എന്നിവ നൽകുക, സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമല്ലാത്തവയുടെ രജിസ്ട്രേഷൻ റദ്ദാക്കുക, സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക, സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റിക്ക് സർക്കാർ ധനസഹായം നൽകുക, കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക തുടങ്ങിയവ കയർ കമ്മീഷന്റെ പ്രധാന ശുപാർശകളാണ്. കൂടാതെ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക, വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക, അനുപം/അനുഗ്രഹ എന്നീ ഉല്പാദനക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുകയും ഗ്രാന്റുകൾ നൽകുകയും ചെയ്യുക, അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക, കയർപിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക, കയർത്തൊഴിലാളികളെ ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരിക, അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുക, നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക, ചെറുകിട ഉല്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുക, ചെറുകിട ഉല്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുകയും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുകയും ചെയ്യുക, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കയർഫെഡ്/കയർ കോർപ്പറേഷൻ/ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുക, വിപണന സാദ്ധ്യതകൾ വിപുലമാക്കുന്നതിന് കേരള

കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക, കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുക, കയർ ഉല്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക, പുതിയ ഫാക്ടറി സ്ഥാപിക്കുക, അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക തുടങ്ങിയവയും ശുപാർശകളിൽ ഉൾപ്പെടുന്നതായി മന്ത്രി വ്യക്തമാക്കി. ഉല്പന്നമേഖലയിലെ നിത്യവേതന തൊഴിലാളികളുടെ കുറഞ്ഞ കൂലി 285 രൂപയായും മറ്റു തൊഴിലാളികളുടെ കൂലി ആനുപാതികമായും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കയർപിരി മേഖലയിൽ നൽകിവരുന്ന കൂലി, വരുമാനം ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 210 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരണത്തിനുള്ള ഇൻസെന്റീവ് വർദ്ധിപ്പിക്കുകയും ഇത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളെയും സ്വയംസഹായ സംഘ ങ്ങളെയും ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ചകിരി ക്ഷാമം പരിഹരിക്കുന്നതിന് 168 മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ സംഘങ്ങൾക്ക് സൗജന്യമായും മറ്റു മേഖലയിലെ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിലും നൽകിയിട്ടുണ്ടെന്നും പ്രതിവർഷം 500 മിനി ഡീഫൈബറിംഗ് മെഷീനുകൾ ഇത്തരത്തിൽ നൽകാൻ സർക്കാർ തയ്യാറാണെന്നും മന്ത്രി അറിയിച്ചു. വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി 28 ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാര ണത്തിനായി 3.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള കയറുകൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഓട്ടോമാറ്റിക് സ്പിന്നിംഗ്

മെഷീൻ പരീക്ഷണാടിസ്ഥാനത്തിൽ വികസിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പ്രതിമാസം 400 രൂപാ വീതം പെൻഷനും കുടുംബപെൻഷൻ, ചികിത്സാചെലവ്, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, ശവസംസ്ക്കാര ചെലവിനുള്ള ധനസഹായം എന്നിവയും നൽകുന്നുണ്ട്. ആറ് മാസത്തിനുള്ളിൽ 28 കോടി രൂപയുടെ കയർ സംഭരിച്ച് നൽകിയിട്ടുണ്ട്. കയർഫെഡ് ചകിരിവാങ്ങി ന്യായവിലയ്ക്ക് കയർപിരി സംഘങ്ങൾക്ക് നൽകി കൂടുതൽ തൊഴിലവസരവും വേതനവും ഉറപ്പാക്കുന്നുണ്ട്. കയറിന്റെയും കയറുല്പന്നങ്ങളുടെയും ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 2011-ലെന്നപോലെ 2012-ലും 'കയർകേരള' സംഘടിപ്പിക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന തൊണ്ട് ശേഖരിച്ച് ഇവിടെത്തന്നെ നാരാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്. പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമീണ സഡക് യോജന പദ്ധതി (PMGSY) പ്രകാരം കയർ ഭൂ വസ്ത്രം ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**52 (*363) <u>ക്ലിനിക്കൽ പരിശോധനാ ലാബുകളുടെ നിയന്ത്രണം</u>**

ആരോഗ്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള ലാബുകളുടേയും പബ്ലിക്ക് ഹെൽത്ത് ലാബുകളുടേയുംമേൽ സർക്കാരിന് പൂർണ്ണ നിയന്ത്രണാധികാരമുണ്ടെന്നും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവ

ഉദ്ദേശിച്ചുകൊണ്ട് കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) എന്ന പേരിൽ ഒരു ബിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ 189 സർക്കാർ ലബോറട്ടറികൾക്ക് Quality Council of India-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എം.എൽ.ടി. കോഴ്സുകൾ കൂടുതൽ മേഖലകളിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പല സ്വകാര്യ ലാബുകളും ഉപഭോക്താക്കൾക്ക് ശരിയായ പരിശോധനാ റിപ്പോർട്ടല്ല നൽകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം വിഷയങ്ങളും ലാബുകളിൽ വിവിധ പരിശോധനകൾക്കുള്ള ഫീസ് നിരക്ക് ഏകീകരിക്കുന്നതു സംബന്ധിച്ചും അവ ലാബുകളിൽ പ്രദർശിപ്പിക്കുന്നതിനെക്കുറിച്ചും നിയമനിർമ്മാണ വേളയിൽ ആലോചിക്കുന്നതാണെന്നും സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള നിയമമാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**53 (*364) <u>ആർ. ടി. ഓഫീസുകളുടെ പ്രവർത്തനം</u>**

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ആർ.ടി. ഓഫീസുകളിലെ സേവനങ്ങൾ സുതാര്യമാക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത വകുപ്പിലെ നവീകരണത്തിന്റെ ഭാഗമായി ചെക്ക് പോസ്റ്റ് ഉൾപ്പെടെ എല്ലാ ആഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഒറ്റ

കൗണ്ടറിൽ നിന്നുതന്നെ ഫീസ്, ടാക്സ്, സെസ്സ് മുതലായവ അടയ്ക്കാനുള്ള സംവിധാനവും ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സമ്പ്രദായവും നിലവിലുണ്ട്. വെബ്സൈറ്റിലൂടെ ഫാൻസി നമ്പർ വിവരങ്ങൾ, ടാക്സ് കാൽക്കുലേറ്റർ, ലേണേഴ്സ് മോക്ക് ടെസ്റ്റ്, വിവിധ അപേക്ഷകളുടെ തൽസ്ഥിതി എന്നിവ അറിയാവുന്നതും 24 സർവ്വീസുകൾക്ക് ഓൺ ലൈനിലൂടെ അപേക്ഷിക്കാവുന്നതുമാണ്. ഡീലർ ലോഗ്സ്, എൻഫോഴ്സ്മെന്റ് ലോഗിൻ വെബ് സർവ്വീസ് എന്നീ സംവിധാനങ്ങളും നിലവിലുണ്ട്. സ്പീഡ് പോസ്റ്റ് സംവിധാനത്തിലൂടെ അഴിമതിരഹിതമായ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ആർ. ടി. ഓഫീസുകളിൽ അടയ്ക്കേണ്ട ഫീസിന്റെ വിവരങ്ങൾ അതാത് ആഫീസുകളിലും ഔദ്യോഗിക വെബ്സൈറ്റിലും പൗരാവകാശ രേഖകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് മുഖാന്തിരം ഫീസ് ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. ആർ.ടി. ഓഫീസുകളിൽ ഏജന്റുമാരെ ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കുലറുകൾ ഇറക്കിയിട്ടുണ്ടെന്നും മോട്ടോർ വാഹന വകുപ്പിനെ അഴിമതിരഹിതമാക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിന്റെ ഭാഗമായി എൻഫോഴ്സുമെന്റ് വിംഗ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3457 മുതൽ 3853 വരെയുള്ള ചോദ്യങ്ങളിൽ 184 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)